LIBRARY ARCHIVES Kerala Legislative Assembly

വിലക്കയറ്റ നിയന്ത്രണ നടപടികൾ

194(4826) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന് സർക്കാർ സബ്സിഡി നല്കാറുണ്ടോ; എങ്കിൽ 2011 മുതൽ ഓരോ വർഷവും നില്കേണ്ട തുക എത്രയാണെന്നും നല്കിയ തുക എത്രയാണെന്നും അറിയിക്കുമോ;

(ബി) സബ്സിഡിയിനത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന് സർക്കാർ ഇതുവരെ നല്കാനുള്ള കുടിശിക തുക എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന് സർക്കാർ സബ്സിഡി നൽകാറില്ല. എന്നാൽ സപ്ലൈകോയ്ക്ക് സബ്സിഡി നൽകുന്നുണ്ട്. സബ്സിഡി നൽകിയ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	സബ്സിഡിയിനത്തിൽ സപ്ലൈകോ ചെലവഴിച്ച ആകെ തുക (കോടിയിൽ)	സബ്സിഡി ഇനത്തിൽ നൽകിയ തുക (കോടിയിൽ)
2011-12	164.96	118.35
2012-13	288.55	135.00
2013-14	311.94	116.021
2014-15 (സെപ്റ്റംബർ വരെ)	179.35	65.00

നിത്യോപയോഗ സാധനങ്ങളുടെ വിലകുറയ്ക്കാൻ നടപടി

195(4827) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ മാവേലിസ്റ്റോറുകളും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും വഴി നൽകിയ നിത്യോപയോഗ സാധനങ്ങളുടെ കിലോഗ്രാമിന്റെ വില എത്ര എന്ന് വ്യക്തമാക്കാമോ; ഇതേ സമയം പൊതുവിപണിയിൽ ഈ സാധനങ്ങളുടെ വില എത്രയായിരുന്നു; ഓരോ ഇനത്തിലെയും സബ്സിഡി തുക എത്രയായിരുന്നു.;